# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(ഹാജർ : അനുപമ റ്റി.വി. ഐ.എ.എസ് )

വിഷയം:- വനിതാ ശിശുവികസന വകുപ്പ്- അങ്കണവാടി സർവ്വീസസ്സ് (ജനറൽ)- മലപ്പുറം, കോഴിക്കോട് ജില്ലകളിലെ വിവിധ ഐ.സി.ഡി.എസുകളിൽ വകുപ്പ് മേധാവിയുടെ അനുമതി കൂടാതെ രജിസ്റ്ററുകളും ഫോമുകളും അച്ചടിച്ച നടപടിയ്ക്ക് സാധൂകരണം നൽകിയും ശിശുവികസന പദ്ധതി ഓഫീസർമാർക്ക് തുക അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. ഈ കാര്യാലയത്തിലെ 21/01/2021 ലെ ഐ.സി.ഡി.എസ്/എ1/7741/19 നം. കത്ത്.
2. സ.ഉ.(സാധാ)നം.157/2021/വ.ശി.വി.വ തീയതി. 17/12/2021
3. പൊന്നാനി ശിശുവികസന പദ്ധതി ഓഫീസറുടെ 01/07/2021 തീയതിയിലെ 29/ICDS/PNI/2020 നം. കത്ത്.
4. അരീക്കോട് ശിശുവികസന പദ്ധതി ഓഫീസറുടെ 29/06/2021 തീയതിയിലെ 94/21 നം. കത്ത്.
5. ചേളന്നൂർ ശിശുവികസന പദ്ധതി ഓഫീസറുടെ 02/07/2021 തീയതിയിലെ എ2.471/18 നം. കത്ത്.

ഉത്തരവ് നം. ഐ.സി.ഡി.എസ്/എ1/7741/19 തീയതി: 24/01/2022

---

വനിതാ ശിശുവികസന വകുപ്പിന് കീഴിൽ മലപ്പുറം, കോഴിക്കോട് ജില്ലകളിലെ 13 ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ 2018-19 വർഷം വകുപ്പ് മേധാവിയുടെ അനുമതിയില്ലാതെ ഫോമുകളും രജിസ്റ്ററുകളും അച്ചടിച്ച പ്രവൃത്തിയ്ക്ക് സാധൂകരണം നൽകുന്നതിനും ടി ഇനത്തിൽ ചെലവഴിച്ച തുക അനുവദിക്കുന്നതിനും പരാമർശം (1) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

അങ്കണവാടികളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫോമുകളും രജിസ്റ്ററുകളും അച്ചടിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തികൾക്ക് വകുപ്പ് മേധാവിയുടെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടത് ചട്ടപ്രകാരമുള്ള നടപടിക്രമമാണെന്നും ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടുകൂടി പ്രസ്തുത പ്രവൃത്തികൾക്ക് സാധൂകരണം നൽകിയും നടപ്പ വർഷത്തെ "2235-02-102-47 (പ്ലാൻ) - 34 അദർ ചാർജ്ജസ്സ് " എന്ന ശീർഷകത്തിൽ നിന്നും തുക ചെലവഴിക്കുന്നതിനും അനുമതി നൽകി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ഫോമുകളും രജിസ്റ്ററുകളും 2018-19 സാമ്പത്തിക വർഷം അനുമതിയില്ലാതെ പ്രിന്റ് ചെയ്ത മലപ്പുറം, കോഴിക്കോട് ജില്ലകളിലെ 13 ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ ചേളന്നൂർ, അരീക്കോട്, പൊന്നാനി എന്നീ 3 ഐ.സി.ഡി.എസ് പ്രോജക്ടുകൾക്ക് മാത്രമേ നിലവിൽ തുക ആവശ്യമുള്ളൂവെന്ന് പരാമർശം (3),(4),(5) പ്രകാരം ശിശുവികസന പദ്ധതി ഓഫീസർമാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ഈ സാഹചര്യത്തിൽ വകുപ്പ് മേധാവിയുടെ മുൻകൂർ അനുമതി ആവശ്യമുള്ള പ്രവർത്തികൾക്ക് ആയത് ലഭ്യമായതിനു ശേഷം മാത്രമേ പ്രവർത്തി നിർവ്വഹിക്കാവൂ എന്നും ഇപ്രകാരമുള്ള വീഴ്ചകൾ ആവർത്തിക്കരുതെന്ന കർശന

നിർദ്ദേശത്തോടുകൂടി 2018-19 സാമ്പത്തിക വർഷം കോഴിക്കോട്, മലപ്പുറം ജില്ലകളിലെ അനുബന്ധമായി ചേർത്തിരിക്കുന്ന 13 ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ വകുപ്പ് മേധാവിയുടെ അനുമതിയില്ലാതെ ഫോമുകളും രജിസ്റ്ററുകളും പ്രിന്റ് ചെയ്ത പ്രവർത്തികൾക്ക് സാധൂകരണം നൽകിയും തുക ആവശ്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രോജക്ടുകൾക്ക് ചുവടെ ചേർത്തിരിക്കും പ്രകാരം തുക അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | അനുവദിക്കുന്ന തുക |
|---|---|---|
| 1. | ചേളന്നൂർ | 1,04,002/-രൂപ |
| 2. | അരീക്കോട് | 16,404/- രൂപ |
| 3. | പൊന്നാനി | 19,881/- രൂപ |
| ആകെ അനുവദിക്കുന്ന തുക | | 1,40,287/-രൂപ |

(ആകെ ഒരു ലക്ഷത്തി നാൽപ്പതിനായിരത്തി ഇരുന്നൂറ്റി എൺപത്തിയേഴ് രൂപ മാത്രം)

ടി തുക നടപ്പ സാമ്പത്തിക വർഷത്തെ " 2235-02-102-47 (P) 34 - അദർ ചാർജ്ജസ്സ് '' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. തുക ചെലവഴിച്ചതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ശിശുവികസന പദ്ധതി ഓഫീസർമാർ അയച്ചു തരേണ്ടതുമാണ്.

(ഒപ്പ്)
വനിതാ ശിശുവികസന ഡയറക്ടർ

1.ശിശുവികസന പദ്ധതി ഓഫീസർ, ചേളന്നൂർ
2. ശിശുവികസന പദ്ധതി ഓഫീസർ, അരീക്കോട്
3.ശിശുവികസന പദ്ധതി ഓഫീസർ, പൊന്നാനി

പകർപ്പ്

1.സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിന്)
2.ജില്ലാ വനിതാ ശിശുവികസന ഓഫീസർ, കോഴിക്കോട്
3.ജില്ലാ വനിതാ ശിശുവികസന ഓഫീസർ, മലപ്പുറം
4. പ്രോഗ്രാം ഓഫീസർ, മലപ്പുറം
5.പ്രോഗ്രാം ഓഫീസർ, കോഴിക്കോട്
6.ബന്ധപ്പെട്ട സി.ഡി.പി.ഒ മാർക്ക്
7.സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

അനുബന്ധം

ICDS/A1-7741/19 തീയതി. 24/01/2022

2018-19 സാമ്പത്തിക വർഷം കോഴിക്കോട്, മലപ്പുറം ജില്ലകളിൽ വകുപ്പ് മേധാവിയുടെ അനുമതിയില്ലാതെ ഫോമുകളും രജിസ്റ്ററുകളും പ്രിന്റ് ചെയ്തതിന് സാധൂകരണം നൽകുന്ന 13 ഐ.സി.ഡി.എസ് പ്രോജക്ടുകളുടെ വിവരം

| ക്രമ.നം | ഐ.സി.ഡി.എസ് പ്രോജക്ടിന്റെ പേര് |
|---|---|
| 1 | അരീക്കോട് |
| 2 | പൊന്നാനി |
| 3 | കോഴിക്കോട് അർബൻ -2 |
| 4 | ചേളന്നൂർ |
| 5 | മേലടി |
| 6 | കുന്നമംഗലം |
| 7 | ബാലുശ്ശേരി |
| 8 | തോടന്നൂർ |
| 9 | ബാലുശ്ശേരി അഡീഷണൽ |
| 10 | കോഴിക്കോട് റൂറൽ |
| 11 | പന്തലായനി |
| 12 | പന്തലായനി അഡീഷണൽ |
| 13 | വടകര |

Sonde

വനിതാ ശിശുവികസന ഡയറക്ടർക്കുവേണ്ടി